**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **28-07-2021 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട കെ-റെയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്നു വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരമുള്ള സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖേനയാണ് പരിസ്ഥിതി ആഘാത പഠനം നടത്തിയത്. |
| (ബി) | കെ-റെയിൽ പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് യോഗ്യതയുള്ള സ്ഥാപനമാണോ പ്രസ്തുത പഠനം നടത്തിയത് എന്ന് അറിയിക്കുമോ; | (ബി) | 2006 ലെ ഇ.ഐ.എ വിജ്ഞാപനപ്രകാരം പാരിസ്ഥിതിക ആഘാത നിർണ്ണയ പഠനം ആവശ്യമുള്ള പദ്ധതികളിൽ റെയിൽവേയുടെ പദ്ധതികൾ പരാമർശിച്ചിട്ടില്ല. |
| (സി) | പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിച്ചതിനു ശേഷം വീണ്ടും പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | പരിസ്ഥിതി ആഘാതവുമായി ബന്ധപ്പെട്ട പഠനം നടത്തുവാൻ ദ്രുത ഇ.ഐ.എ അഥവാ സീസണൽ ഇ.ഐ.എ ആണ് 3 മാസത്തെ കാലാവധിയിൽ നടത്തിയത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കു കോട്ടം തട്ടാതിരിക്കുവാൻ വേണ്ട മുൻ കരുതലുകളെടുത്താണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഡി.പി.ആർ റെയിൽവേ മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്. പാരിസ്ഥിതിക നയത്തോടുള്ള പ്രതിബദ്ധതയാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പു സമഗ്രമായ ഒരു ഇ.ഐ.എ പഠനം നടത്തുവാൻ കെ -റെയിൽ തീരുമാനിക്കുകയും അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോവുകയുമാണ്. |
| (ഡി) | ഏത് ഏജൻസി വഴിയാണ് രണ്ടാമത് പാരിസ്ഥി തികാഘാത പഠനം നടത്തുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | വിശദ പാരിസ്ഥിതിക പഠനം നടത്തുന്നതിനായി ഓപ്പൺ ടെൻഡർ വഴിയാണ് ഏജൻസിയെ നിർണ്ണയിക്കുന്നത്. പ്രസ്തുത ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ